e- mail - gssbsukc@yahoo.co.in

Phone: 0471-2192810
0471-2192846

# State Banks' Staff Union (Kerala Circle)

(Affiliated to All India State Bank of India Staff Federation)
Reg. No. 01-36-2000

Circular No.36/25
To All Unit Secretaries

State Bank of India
Local Head Office
Poojappura
Thiruvananthapuram-695 012
Date 01.01.2025

പ്രിയ സഖാക്കളെ,

## പുതുവത്സരാശംസകൾ

പുതിയ പ്രതീക്ഷകളും പ്രതിജ്ഞകളുമായി വീണ്ടും ഒരു പുതുവത്സരാരംഭം. പോയ കാലത്തിന്റെ നേട്ടങ്ങളെയും നന്മകളെയും ഒപ്പം കൂട്ടി പുതിയ ഉത്തരവാദിത്തങ്ങളിലേക്കും സ്വപ്നങ്ങളിലേക്കും നാം മുന്നേറുകയാണ്. യുദ്ധം,പ്രകൃതിദുരന്തം, പണപ്പെരുപ്പം, വിലക്കയറ്റം എന്നിവയൊക്കെ സമ്പദ് വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചതിന് 2024 സാക്ഷ്യം വഹിച്ചു.

നമ്മുടെ രാജ്യത്തെ ബാങ്കുകളിൽ നിക്ഷേപ വായ്പാ അന്തരം ഗണ്യമായി കൂടിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് 70% മാത്രമാണ് ബാങ്ക് നിക്ഷേപത്തിലുണ്ടായ വർധന. ഇതേ കാലയളവിൽ മ്യൂച്ചൽ ഫണ്ടുകളിൽ 152 ശതമാനം വരെ വളർച്ച രേഖപ്പെടുത്തി. ഫ്യൂച്ചർ– ഓപ്ഷൻ ഡെറിവേറ്റീവ് വിപണിയുടെ ദ്രുതഗതിയിലുള്ള വളർച്ച കാരണം രാജ്യത്തെ സമ്പത്തിന്റെ ഒരു ഭാഗം ഊഹക്കച്ചവടത്തിനായി പോകുന്നതിലൂടെ ബാങ്കുകളിലെ പണ ലഭ്യത ഇല്ലാതാകുന്നു. എല്ലാ സാമ്പത്തിക ഇടപാടുകൾക്കും ബാങ്ക് അക്കൗണ്ടുകൾ നിർബന്ധമാക്കിയ സർക്കാർ, വോട്ടുബാങ്ക് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളുടെ നടത്തിപ്പ് പൊതുമേഖലാ ബാങ്കുകളുടെ മാത്രം ചുമലിൽ കെട്ടിവയ്ക്കുകയും ജീവനക്കാരെ ടാർഗറ്റുകളുടെ പേരിൽ സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്നു. സ്വകാര്യ – പുതുതലമുറ ബാങ്കുകൾ ഇത്തരം പദ്ധതി നടത്തിപ്പുകൾ ഒഴിവാക്കി ലാഭത്തിന്റെ മാത്രം പുറകെ പോകുന്നത് സൗകര്യപൂർവ്വം അധികാരികൾ കണ്ടില്ലെന്നു നടിക്കുന്നു. ജനങ്ങളെ ചൂഷണം ചെയ്യുന്ന സ്ഥാപനങ്ങൾ ഒരു രാജ്യത്തിന്റെ സുസ്ഥിര വളർച്ചയിലെ പ്രധാന വില്ലന്മാരാണ് എന്ന് കണ്ടെത്തലിനാണ് ഈ വർഷത്തെ സാമ്പത്തിക നോബൽ ലഭിച്ചത്. പൊതുമേഖലയുടെ പ്രാധാന്യത്തിനുള്ള അംഗീകാരം കൂടിയായാണ് ഇതിനെ കണക്കാക്കേണ്ടത്.

ബാങ്കുകൾ ഉൾപ്പെടെയുള്ള പൊതു മേഖല സ്ഥാപനങ്ങളിൽ സ്ഥിര നിയമനങ്ങൾ നടത്താതെ കരാർ തൊഴിലാളികളുടെ എണ്ണം വർധിപ്പിക്കുന്നതു മൂലം സ്ഥിര ജീവനക്കാരുടെ എണ്ണം തുടർച്ചയായി കുറയുകയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ ബാങ്ക് ആയ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റിക്രൂട്ട്മെന്റിന് വിജ്ഞാപനം നൽകിയത് പ്രതീക്ഷ നൽകുന്നതാണെങ്കിലും, ബാങ്കിങ് മേഖല അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ അപ്രന്റീസുകളുടെ നിയമനവും, പുറംകരാർവൽക്കരണവും സ്ഥിരം തൊഴിലിന് വെല്ലുവിളികൾ സൃഷ്ടിക്കുന്നത് ആണ്. തൊഴിലാളി ഐക്യം തകർക്കാനുള്ള ശ്രമങ്ങളും, നിർമ്മിത ബുദ്ധി പോലുള്ള നവസാങ്കേതിക വിദ്യകൾ തൊഴിൽരംഗം കയ്യടക്കുകയും ചെയ്യുന്ന ഈ പുതിയ കാലഘട്ടത്തിൽ, പുത്തൻ സാങ്കേതിക വിദ്യകൾ തുറന്നിടുന്ന സാധ്യതകളെ സ്വാഗതം ചെയ്യുന്നതിനോടൊപ്പം പുതിയ മാറ്റങ്ങൾ നടപ്പിലാക്കുമ്പോൾ നാമോരോരുത്തരും ജാഗ്രൂകരായിരിക്കണം.

രണ്ടായിരാമാണ്ടിൽ രൂപീകൃതമായ സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയൻ കേരള സർക്കിൾ രജത ജൂബിലിയിലേക്ക് കടക്കുന്ന വർഷം കൂടിയാണ് 2025. കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷങ്ങളിൽ സ്റ്റേറ്റ് ബാങ്കിലെ ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, മാനേജ്മെന്റിന്റെ ചൂഷണങ്ങൾക്കെതിരെ പ്രതിരോധം തീർത്തും, പുത്തൻ തൊഴിൽ സാഹചര്യങ്ങളിൽ നമ്മുടെ നിലനിൽപ്പ് ഉറപ്പ് വരുത്തുന്നതിനുമായുള്ള നിരവധി ഇടപെടലുകളും പോരാട്ടങ്ങളും സംഘടന ഏറ്റെടുത്തിട്ടുണ്ട്. 2025 ജനുവരി പതിനൊന്നിന് കോഴിക്കോട് ആരംഭിക്കുന്ന രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നിരവധി സംഘടനാ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സമാപന സമ്മേളനത്തിലേക്ക് എത്തുമ്പോൾ എല്ലാ അംഗങ്ങളും സംഘടനയുടെ കൊടിക്കീഴിൽ ഒറ്റ കെട്ടായി അണിചേരണമെന്ന് ആഹ്വാനം ചെയ്തു കൊണ്ട്, എല്ലാ സഖാക്കൾക്കും ഊഷ്മളമായ പുതുവത്സരാശസകൾ നേരുന്നു...

(അഖിൽ എസ്)
ജനറൽ സെക്രട്ടറി